# 2012-ലെ 14-ാം ആക്റ്റ്

# 2012-ലെ കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ആക്റ്റ് *

ആരോഗ്യരക്ഷാ സേവന പ്രവർത്തകർക്ക് എതിരായ അക്രമം നിരോധിക്കുന്നതിനും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളിലെ സ്വത്തിനുള്ള നാശവും നഷ്ടവും തടയുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വേണ്ടിയുള്ള

ഒരു

ആക്റ്റ്

പീഠിക.—ആരോഗ്യരക്ഷാ സേവന പ്രവർത്തകർക്ക് എതിരായ അക്രമം നിരോധിക്കുന്നതിനും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളിലെ സ്വത്തിനുള്ള നാശവും നഷ്ടവും തടയുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കയാൽ;

ഇന്ത്യൻ റിപ്പബ്ലിക്കിന്റെ അറുപത്തിമൂന്നാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

**1.** ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2012-ലെ കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2010 ആഗസ്റ്റ് 26-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

**2.** നിർവ്വചനങ്ങൾ.—[1][(1)] ഈ ആക്റ്റിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങൾ" എന്നാൽ, രോഗികളുടെ ചികിത്സയ്ക്കുള്ള സൗകര്യങ്ങൾ ഉള്ളതും അവരുടെ പ്രവേശനത്തിനും താമസത്തിനും വേണ്ടി ഉപയോഗിക്കുന്നതുമായ ഏതെങ്കിലും സ്വകാര്യ ആശുപത്രിയും, പ്രസവവുമായോ അതുമായി ബന്ധപ്പെട്ട ഏതെങ്കിലുമായോ ബന്ധപ്പെട്ട് മാറ്റി പാർപ്പിക്കലിനും, പ്രസവത്തിനുമുമ്പും

---

* 2012 ജൂലൈ 23–ാം തീയതി ഗവർണ്ണറുടെ അനുമതി ലഭിക്കുകയും 2012 ജൂലൈ 23–ാം തീയതിയിലെ 1559–ാം നമ്പർ കേരള അസാധാരണ ഗസറ്റായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

1 2023–ലെ 22–ാം ആക്റ്റ് പ്രകാരം അക്കമിട്ടത്( 2023 മേയ് 24–ാം തീയതിയിൽ പ്രാബല്യത്തിൽ വന്നു).

പ്രസവാനന്തരവുമുള്ള ശുശ്രൂഷയുടെ ആവശ്യത്തിനുമായി സ്ത്രീകളെ സാധാരണയായി പ്രവേശിപ്പിക്കുന്നതും താമസിപ്പിക്കുന്നതുമായ ഏതൊരു സ്വകാര്യ പ്രസൂതിമന്ദിരവും, ഏതെങ്കിലും ശാരീരികമോ മാനസികമോ ആയ അവശതയോ രോഗമോ പരിക്കോ അനുഭവിക്കുന്ന ആളുകളുടെ പ്രവേശനത്തിനും താമസത്തിനും ഉപയോഗിക്കുന്നതോ ഉപയോഗിക്കുവാൻ ഉദ്ദേശിക്കുന്നതോ ആയതും ചികിത്സയോ ശുശ്രൂഷയോ ഇവ രണ്ടുംകൂടിയോ നൽകുന്നതുമായ ഏതൊരു സ്വകാര്യ നഴ്സിംഗ് ഹോമും ഉൾപ്പെടെയുള്ള, ജനങ്ങൾക്ക് ആരോഗ്യരക്ഷ നൽകുന്നതും സംസ്ഥാന അല്ലെങ്കിൽ കേന്ദ്ര സർക്കാരിന്റെയോ തദ്ദേശനികായങ്ങൾ മുതലായവയുടെയോ നിയന്ത്രണത്തിലുള്ളതുമായ എല്ലാ സ്ഥാപനങ്ങളും എന്ന് അർത്ഥമാകുന്നതും അതിൽ ഒരു പ്രസൂതിമന്ദിരവും, രോഗാനന്തര വിശ്രമമന്ദിരവും, ക്ലിനിക്കും, ആരോഗ്യരക്ഷാ സേവന പ്രവർത്തകരുടെ വസതിയും പരിശോധനാ മുറികളും ഉൾപ്പെടുന്നതുമാകുന്നു;

(ബി) ഒരു ആരോഗ്യരക്ഷാ സേവന സ്ഥാപനവുമായി ബന്ധപ്പെട്ട് "ആരോഗ്യരക്ഷാ സേവന പ്രവർത്തകർ" എന്നതിൽ,—

(i) ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളിൽ ജോലിചെയ്യുന്ന രജിസ്റ്റർ ചെയ്തിട്ടുള്ള, താൽക്കാലിക രജിസ്ട്രേഷൻ ഉള്ളവർ ഉൾപ്പെടെയുള്ള മെഡിക്കൽ പ്രാക്ടീഷണർമാർ;

(ii) രജിസ്റ്റർ ചെയ്തിട്ടുള്ള നഴ്സുമാർ;

(iii) മെഡിക്കൽ വിദ്യാർത്ഥികൾ;

(iv) [1][നഴ്സിംഗ് വിദ്യാർത്ഥികളും പാരാമെഡിക്കൽ വിദ്യാർത്ഥികളും;]

[2][(v) ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളിൽ നിയമിക്കപ്പെട്ടിട്ടുള്ളതും ജോലി ചെയ്തുവരുന്നതുമായ പാരാമെഡിക്കൽ ജീവനക്കാർ, സുരക്ഷാ ജീവനക്കാർ, മാനേജീരിയൽ സ്റ്റാഫ്, മിനിസ്റ്റീരിയൽ സ്റ്റാഫ്, ആംബുലൻസ് ഡ്രൈവർമാരും ഹെൽപ്പർമാരും; കൂടാതെ] ;

[3][(vi) കാലാകാലങ്ങളിൽ സർക്കാർ ഓദ്യോഗിക ഗസറ്റിൽ വിജ്ഞാപനം ചെയ്യുന്ന മറ്റേതൊരു വ്യക്തിയും.] ;

(സി) "കുറ്റക്കാരൻ" എന്നാൽ, ഒറ്റയ്ക്കോ ഒരുസംഘം ആളുകളുടെയോ സംഘടനകളുടെയോ നേതാവായോ, ഒരു അംഗമായോ, ഈ ആക്റ്റ് പ്രകാരമുള്ള അക്രമം ചെയ്യുകയോ ചെയ്യുവാൻ ശ്രമിക്കുകയോ പ്രേരിപ്പിക്കുകയോ പ്രചോദനം നൽകുകയോ ചെയ്യുന്ന ഏതൊരാളും എന്നർത്ഥമാകുന്നു;

[4][(സിഎ) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;]

---

1 2023-ലെ 22-ാം ആക്റ്റ് പ്രകാരം പകരം ചേർത്തത് ( 2023 മേയ് 24-ാം തീയതിയിൽ പ്രാബല്യത്തിൽ വന്നു).

2 2023-ലെ 22-ാം ആക്റ്റ് പ്രകാരം പകരം ചേർത്തത്.( 2023 മേയ് 24-ാം തീയതിയിൽ പ്രാബല്യത്തിൽ വന്നു).

3 2023-ലെ 22-ാം ആക്റ്റ് പ്രകാരം കൂട്ടിച്ചേർത്തത് ( 2023 മേയ് 24-ാം തീയതിയിൽ പ്രാബല്യത്തിൽ വന്നു).

4 2023-ലെ 22-ാം ആക്റ്റ് പ്രകാരം കൂട്ടിച്ചേർത്തത് ( 2023 മേയ് 24-ാം തീയതിയിൽ പ്രാബല്യത്തിൽ വന്നു).

(ഡി) “സ്വത്ത്” എന്നാൽ, ഏതെങ്കിലും ആരോഗ്യരക്ഷാ സേവന പ്രവർത്തകന്റെയോ ആരോഗ്യരക്ഷാ സേവന സ്ഥാപനത്തിന്റെയോ ഉടമസ്ഥതയിലോ കൈവശത്തിലോ നിയന്ത്രണത്തിൻകീഴിലോ ഉള്ള സ്ഥാവരമോ ജംഗമമോ ആയ ഏതെങ്കിലും സ്വത്തോ മെഡിക്കൽ ഉപകരണമോ മെഡിക്കൽ യന്ത്രമോ എന്നർത്ഥമാകുന്നു;

(ഇ) “അക്രമം” എന്നാൽ, ഏതെങ്കിലും ആരോഗ്യരക്ഷാ സേവന സ്ഥാപനത്തിൽ കർത്തവ്യ നിർവ്വഹണത്തിലിരിക്കുന്ന ഏതെങ്കിലും ആരോഗ്യരക്ഷാ സേവന പ്രവർത്തകന് എന്തെങ്കിലും ഹാനിയോ പരിക്കോ ഉണ്ടാക്കുന്നതോ ജീവൻ അപായപ്പെടുത്തുന്നതോ ആയ പ്രവർത്തനങ്ങളോ, ഭീഷണിയോ, തടസ്സമോ, വിഘ്നമോ ആരോഗ്യരക്ഷാ സ്ഥാപനത്തിലെ സ്വത്തിന് നാശമോ നഷ്ടമോ ഉണ്ടാക്കുകയോ എന്നർത്ഥമാകുന്നു.

[1][(2) ഈ ആക്റ്റിൽ ഉപയോഗിക്കുകയും എന്നാൽ നിർവ്വചിക്കാതിരിക്കുകയും 1860-ലെ ഇന്ത്യൻ ശിക്ഷാ നിയമസംഹിതയിലോ (1860-ലെ 45-ാം കേന്ദ്ര ആക്റ്റ്) 1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയിലോ (1974-ലെ 2-ാം കേന്ദ്ര ആക്റ്റ്) നിർവ്വചിക്കുകയും ചെയ്തിട്ടുള്ള വാക്കുകൾക്കും പദപ്രയോഗങ്ങൾക്കും, അതത് സംഗതിപോലെ, പ്രസ്തുത സംഹിതകളിൽ അവയ്ക്ക് യഥാക്രമം നൽകിയിട്ടുള്ള അർത്ഥം ഉണ്ടായിരിക്കുന്നതാണ്.]

3. <u>അക്രമം നിരോധിക്കൽ</u>.—ആരോഗ്യരക്ഷാ സേവന പ്രവർത്തകർക്ക് എതിരായ അക്രമവും അല്ലെങ്കിൽ ആരോഗ്യരക്ഷാ സേവന സ്ഥാപനത്തിലെ സ്വത്തിന് നാശമോ നഷ്ടമാ ഉണ്ടാക്കുന്ന ഏതൊരു കൃത്യവും ഇതിനാൽ നിരോധിച്ചിരിക്കുന്നു.

4. <u>3-ാം വകുപ്പിന്റെ ലംഘനത്തിനുള്ള ശിക്ഷയും മറ്റ് അനന്തരഫലവും</u>.—[2][(1) ഏതൊരാളും,—

(i) 2-ാം വകുപ്പിലെ (1)-ാം ഉപവകുപ്പിന്റെ (ഇ) ഇനത്തിൽ നിർവ്വചിച്ചിട്ടുള്ള ഒരു അക്രമപ്രവർത്തനം ചെയ്യുകയോ ചെയ്യുവാൻ ശ്രമിക്കുകയോ പ്രേരിപ്പിക്കുകയോ പ്രചോദനം നൽകുകയോ ആണെങ്കിൽ കുറ്റസ്ഥാപനത്തിന്മേൽ ആറ് മാസത്തിൽ കുറയാതെയും എന്നാൽ അഞ്ച് വർഷം വരെയാകാവുന്നതുമായ തടവിനും അമ്പതിനായിരം രൂപയിൽ കുറയാതെയും എന്നാൽ രണ്ട് ലക്ഷം രൂപ വരെയാകാവുന്നതുമായ പിഴയ്ക്കും ശിക്ഷിക്കപ്പെടാവുന്നതാണ്;

(ii) ആരോഗ്യരക്ഷാ സേവന പ്രവർത്തകനെതിരെ ഒരു അക്രമപ്രവർത്തനം ചെയ്യുമ്പോൾ 1860-ലെ ഇന്ത്യൻ ശിക്ഷാ നിയമസംഹിതയിലെ 320-ാം വകുപ്പിൽ നിർവ്വചിച്ച പ്രകാരമുള്ള കഠിനമായ ദേഹോപദ്രവത്തിന് അദ്ദേഹത്തെ വിധേയനാക്കുകയാണെങ്കിൽ, കുറ്റസ്ഥാപനത്തിന്മേൽ ഒരു വർഷത്തിൽ കുറയാതെയും എന്നാൽ ഏഴ് വർഷം വരെയാകാവുന്നതുമായ തടവിനും ഒരു ലക്ഷം രൂപയിൽ കുറയാതെയും എന്നാൽ അഞ്ച് ലക്ഷം രൂപവരെയാകാവുന്നതുമായ പിഴയ്ക്കും ശിക്ഷിക്കപ്പെടാവുന്നതാണ്.]

(2) (1)-ാം ഉപവകുപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ള ശിക്ഷയ്ക്കു പുറമെ, കേടുവരുത്തിയ മെഡിക്കൽ ഉപകരണത്തിന്റെ ക്രയവിലയുടെ ഇരട്ടി തുകയും സ്വത്തിന് ഉണ്ടാക്കിയ നഷ്ടം

1 2023–ലെ 22–ാം ആക്റ്റ് പ്രകാരം കൂട്ടിച്ചേർത്തത് ( 2023 മേയ് 24–ാം തീയതിയിൽ പ്രാബല്യത്തിൽ വന്നു).

2 2023–ലെ 22–ാം ആക്റ്റ് പ്രകാരം പകരം ചേർത്തത് ( 2023 മേയ് 24–ാം തീയതിയിൽ പ്രാബല്യത്തിൽ വന്നു).

കുറ്റം വിചാരണ ചെയ്യുന്ന കോടതി തീരുമാനിക്കുന്നപ്രകാരവും, നഷ്ടപരിഹാരമായി [1][ആരോഗ്യരക്ഷാ സേവന സ്ഥാപനത്തിനോ ആരോഗ്യരക്ഷാ സേവന പ്രവർത്തകനോ, അതത് സംഗതിപോലെ,] നൽകാൻ കുറ്റക്കാരൻ ബാധ്യസ്ഥനായിരിക്കുന്നതാണ്.

(3) കുറ്റക്കാരൻ, (2)-ാം ഉപവകുപ്പുപ്രകാരം നഷ്ടപരിഹാരം നൽകാത്തപക്ഷം പ്രസ്തുത തുക അയാളിൽനിന്നും ലഭിക്കേണ്ടതായ ഭൂനികുതിയുടെ ഒരു കുടിശ്ശികയായിരുന്നാലെന്നപോലെ, 1968-ലെ കേരള റവന്യൂ റിക്കവറി ആക്റ്റിലെ (1968-ലെ 15) വ്യവസ്ഥകൾ പ്രകാരം, ഈടാക്കേണ്ടതാണ്.

[2][(4) (1)-ാം ഉപവകുപ്പിലെ ഏതൊരു കുറ്റവും കൊഗ്നൈസബിളും ജാമ്യം അനുവദിക്കാൻ പാടില്ലാത്തതും ആകുന്നു.]

[3][4 എ. അന്വേഷണം മുതലായവ സത്വരമായി പൂർത്തീകരിക്കണമെന്ന്.—1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയിൽ എന്തുതന്നെ അടങ്ങിയിരുന്നാലും,—

(i) ഈ ആക്റ്റിൻ കീഴിൽ രജിസ്റ്റർ ചെയ്യപ്പെടുന്ന ഏതൊരു കേസും ഇൻസ്പെക്ടർ റാങ്കിൽ കുറയാത്ത ഒരു പോലീസ് ഓഫീസർ അന്വേഷിക്കേണ്ടതും അങ്ങനെയുള്ള കേസുകളുടെ അന്വേഷണം പ്രഥമവിവര റിപ്പോർട്ട് രജിസ്റ്റർ ചെയ്യുന്ന തീയതി മുതൽ അറുപതു ദിവസങ്ങൾക്കുള്ളിൽ പൂർത്തികരിക്കേണ്ടതുമാണ്;

(ii) ഈ ആക്റ്റിൻ കീഴിലുള്ള ഏതൊരു കേസിന്റേയും അന്വേഷണ വിചാരണയിലോ വിചാരണയിലോ നടപടിക്രമങ്ങൾ കഴിയുന്നതും വേഗത്തിൽ നടത്തേണ്ടതും പ്രത്യേകിച്ചും സാക്ഷികളുടെ വിസ്താരം ആരംഭിച്ചാൽ, അത് തുടർന്നുള്ള ദിവസങ്ങൾക്കപ്പുറത്തേക്ക് മാറ്റിവയ്ക്കേണ്ടത് ആവശ്യമാണെന്ന് രേഖപ്പെടുത്തിയ കാരണങ്ങളാൽ കോടതിക്ക് ബോദ്ധ്യപ്പെടാത്തപക്ഷം, ഹാജരായ എല്ലാ സാക്ഷികളെയും വിസ്തരിക്കുന്നതുവരെ അത് ദിനംപ്രതി തുടരേണ്ടതും അന്വേഷണവിചാരണയും വിചാരണയും ഒരു വർഷത്തിനുള്ളിൽ പൂർത്തികരിക്കുന്നതിനുള്ള പരിശ്രമം നടത്തേണ്ടതുമാണ്;

എന്നാൽ പ്രസ്തുത സമയത്തിനുള്ളിൽ വിചാരണ പൂർത്തീകരിക്കാത്ത സംഗതിയിൽ അപ്രകാരം പൂർത്തീകരിക്കാതിരിക്കുന്നതിനുള്ള കാരണങ്ങൾ കോടതി രേഖപ്പെടുത്തേണ്ടതാണ്:

എന്നുമാത്രമല്ല അപ്രകാരമുള്ള സമയപരിധി, എഴുതി രേഖപ്പെടുത്തിയ കാരണങ്ങളാൽ, അങ്ങനെയുള്ള അധികസമയത്തേക്ക് ദീർഘിപ്പിക്കാവുന്നതും എന്നാൽ ഒരു സമയം അത് ആറ് മാസത്തിൽ കൂടുതൽ ദീർഘിപ്പിക്കാൻ പാടില്ലാത്തതുമാണ്.

(iii) സത്വരമായ വിചാരണ ഏർപ്പെടുത്തുന്ന ആവശ്യത്തിലേയ്ക്ക് സംസ്ഥാന സർക്കാർ ഹൈക്കോടതിയുടെ സമ്മതത്തോടുകൂടി, ഓദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴി, ഈ ആക്റ്റിൻ കീഴിലുള്ള കുറ്റങ്ങൾ വിചാരണ ചെയ്യുന്നതിന് ഓരോ ജില്ലയിലേയ്ക്കും ഒരു സെഷൻസ് കോടതിയെ സ്പെഷ്യൽ കോടതിയായി നിയോഗിക്കേണ്ടതാണ്;

1 2023-ലെ 22-ാം ആക്റ്റ് പ്രകാരം പകരം ചേർത്തത് ( 2023 മേയ് 24-ാം തീയതിയിൽ പ്രാബല്യത്തിൽ വന്നു).

2 2023-ലെ 22-ാം ആക്റ്റ് പ്രകാരം പകരം ചേർത്തത് ( 2023 മേയ് 24-ാം തീയതിയിൽ പ്രാബല്യത്തിൽ വന്നു).

3 2023-ലെ 22-ാം ആക്റ്റ് പ്രകാരം കൂട്ടിച്ചേർത്തത് ( 2023 മേയ് 24-ാം തീയതിയിൽ പ്രാബല്യത്തിൽ വന്നു).

(iv) സംസ്ഥാന സർക്കാരിന്, ഓദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴി, ഓരോ സ്പെഷ്യൽ കോടതിയിലേയ്ക്കും പ്രസ്തുത കോടതിയിലെ കേസുകളുടെ നടത്തിപ്പിനായി സ്പെഷ്യൽ പ്രോസിക്യൂട്ടറെ നിയോഗിക്കാവുന്നതാണ്.]

5. ആക്റ്റ് മറ്റേതെങ്കിലും നിയമങ്ങൾക്ക് പുറമേയും അതിന് ഭംഗം വരുത്താതെയും ആയിരിക്കുമെന്ന്.—ഈ ആക്റ്റിലെ വ്യവസ്ഥകൾ തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമങ്ങളിലെ വ്യവസ്ഥകൾക്ക് പുറമേയും അവയ്ക്ക് ഭംഗം വരുത്താതെയുമായിരിക്കുന്നതാണ്.

6. വൈദ്യചികിത്സയുടെ പൂർണ്ണവിവരം നൽകുന്നതിനുള്ള ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളുടെ ഉത്തരവാദിത്വം.—ഓരോ ആരോഗ്യരക്ഷാസേവന സ്ഥാപനത്തിനും, അത്തരം ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങൾ നൽകിയ വൈദ്യ ചികിത്സയെക്കുറിച്ചുള്ള പൂർണ്ണവിവരം പ്രസ്തുത സ്ഥാപനങ്ങളിൽ ചികിത്സതേടുന്ന രോഗികൾക്കോ അവരുടെ ബന്ധുക്കൾക്കോ ലിഖിതമായി നൽകുന്നതിനുള്ള ഉത്തരവാദിത്വം ഉണ്ടായിരിക്കുന്നതാണ്.

7. ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.—(1) സർക്കാരിന് ഔദ്യോഗിക ഗസറ്റ് വിജ്ഞാപനംവഴി ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിനുള്ള ആവശ്യത്തിലേക്കായി ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

[1][(2) പ്രത്യേകിച്ചും, മുൻപറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗം വരാതെയും അങ്ങനെയുള്ള ചട്ടങ്ങളിൽ താഴെപ്പറയുന്ന എല്ലാമോ ഏതെങ്കിലുമോ കാര്യങ്ങൾക്കായി വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്:—

(എ) ആവശ്യമായ സുരക്ഷാ ഉദ്യോഗസ്ഥർ മുതലായവരെ നിയോഗിക്കൽ;

(ബി) സി.സി.ടി.വി. ക്യാമറ, മറ്റ് സുരക്ഷാ സാമഗ്രികൾ/ഉപകരണങ്ങൾ സ്ഥാപിക്കൽ;

(സി) കൺട്രോൾ റൂമുകൾ, അലാറം സംവിധാനങ്ങൾ മുതലായവ ഏർപ്പെടുത്തൽ;

(ഡി) തല്പരകക്ഷികളെ അറിയിക്കേണ്ട പ്രധാനപ്പെട്ട വിവരങ്ങൾ പ്രദർശിപ്പിക്കൽ;

(ഇ) ആരോഗ്യരക്ഷാ സ്ഥാപനവുമായി ബന്ധപ്പെട്ട് ആരോഗ്യരക്ഷാ സേവന പ്രവർത്തകർ എപ്രകാരം സംരക്ഷിക്കപ്പെടണമെന്നതും പെരുമാറണമെന്നതും സംബന്ധിച്ച പ്രോട്ടോക്കോളുകൾ തയ്യാറാക്കൽ; കൂടാതെ

(എഫ്) ആക്റ്റിനു കീഴിൽ നിർണ്ണയിക്കപ്പെടേണ്ടതോ നിർണ്ണയിക്കപ്പെടാവുന്നതോ ആയ മറ്റേതൊരു കാര്യവും.]

[2][(3)] ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കിയിട്ടുള്ള ഓരോ ചട്ടവും, അത് ഉണ്ടാക്കിയ തിനുശേഷം, കഴിയുന്നത്രവേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ സഭ മുമ്പാകെ ഒരു സമ്മേളനത്തിലോ അല്ലെങ്കിൽ തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോപെടാവുന്ന ആകെ

1 2023-ലെ 22-ാം ആക്റ്റ് പ്രകാരം കൂട്ടിച്ചേർത്തത് ( 2023 മേയ് 24-ാം തീയതിയിൽ പ്രാബല്യത്തിൽ വന്നു).

2 2023-ലെ 22-ാം ആക്റ്റ് പ്രകാരം പുനരക്കം ചെയ്തത് ( 2023 മേയ് 24-ാം തീയതിയിൽ പ്രാബല്യത്തിൽ വന്നു).

പതിനാല് ദിവസത്തേക്ക് വയ്ക്കേണ്ടതും അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തു വരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുമ്പ്, നിയമസഭ ചട്ടത്തിൽ എന്തെങ്കിലും രൂപഭേദം വരുത്തുകയോ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, ആ ചട്ടത്തിന്, അതിനുശേഷം, അതതു സംഗതിപോലെ, അപ്രകാരം രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രാബല്യം ഉണ്ടായിരിക്കുകയോ, അഥവാ യാതൊരു പ്രാബല്യവും ഇല്ലാതായിത്തീരുകയോ ചെയ്യുന്നതുമാണ്; എന്നിരുന്നാലും, അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്തവിധത്തിലായിരിക്കേണ്ടതുമാണ്.

**8.** റദ്ദാക്കലും ഒഴിവാക്കലും.—**(1)** **2012**-ലെ കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ഓർഡിനൻസ് (**2012**-ലെ **27**) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

**(2)** അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ, എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

**(3)** ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, **2011** ജൂലൈ **13**-ാം തീയതി മുതൽ **2012** ഫെബ്രുവരി **11**-ാം തീയതി വരെയുള്ള കാലയളവിൽ ഈ ആക്റ്റിൻകീഴിൽ ഒരു കുറ്റം ചെയ്തതായി ആരോപിക്കപ്പെടുന്ന യാതൊരാളേയും കുറ്റസ്ഥാപനത്തിന് വിധേയനാക്കാവുന്നതല്ല.